


# ലഹരിയിലേക്കുള്ള വാതിൽ

"വീട്ടാവശ്യങ്ങൾക്കും മറ്റുമുപയോഗിക്കുന്ന ആയിരത്തിലധികം വസ്തുക്കൾ ഇൻഹലെന്റുകളായി ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. നെയിൽപോളിഷ്, ഷൂ പോളിഷ്, പശ, പെയിന്റ്, തിന്നർ, ലൂബ്രിക്കന്റ്, പെട്രോൾ, മണ്ണെണ്ണ, മെഴുക്, സ്പ്രേ, വൈറ്റ്നർ, നിലവും മറ്റും വൃത്തിയാക്കാനുപയോഗിക്കുന്ന ദ്രവങ്ങൾ, ലോക്കർ മുറികളിലും മറ്റും ഉപയോഗിക്കുന്ന സുഗന്ധവസ്തുക്കൾ, ലോഹപ്പാത്രങ്ങളിൽ ഉപയോഗിക്കുന്ന വാർണിഷുകൾ തുടങ്ങിയവയെല്ലാം ഇതിൽപ്പെടുന്നു. ഇവ മയക്കുമരുന്നായി ഉപയോഗിക്കാമെന്നു മിക്ക മാതാപിതാക്കളും ഓർക്കാറില്ല. പായ്ക്കറ്റിനുമേലുള്ള ജാഗ്രതാനിർദേശങ്ങൾ വായിക്കാൻ തയ്യാറാകാത്തതുമൊക്കെയാണ് ജാഗ്രതക്കുറവിനു കാരണം.



ഡോ. പി.എൻ സുരേഷ് കുമാർ
[illegible]

**ബാ**ബിലോണിയ, ഈജിപ്ത്, ചൈന എന്നിവിടങ്ങളിലും നമ്മുടെ രാജ്യത്തും ആദിമപുരാതന കാലത്ത് ഉണ്ടായിരുന്ന ഒരുതരം ശീലമാണ് 'പുകവലി'. വെറും പുകവലിയായി തള്ളിക്കളയാനാവില്ല ഇതിനെ. കാരണം സുഗന്ധവസ്തുക്കൾ, എണ്ണകൾ, മരപ്പശകൾ, സുഗന്ധവ്യഞ്ജനങ്ങൾ, സുഗന്ധലേപനങ്ങൾ എന്നിവയുടെ പുകയാണ് ശ്വസിക്കുന്നത്. മതപരമായ ചടങ്ങുകളുടെ ഭാഗമായിട്ടാണ് ഈ ശീലം ഉണ്ടായത്. പുകയോ ബാഷ്പമോ ആണ് ലഹരിക്കായി ശ്വസിക്കുക (inhalent). ഇന്നിപ്പോൾ ചെറുപ്പക്കാരിൽ, പ്രത്യേകിച്ച് കൗമാരക്കാരിൽ ഇത് വർധിച്ചിരിക്കുന്നു. പന്ത്രണ്ടിനും പതിനേഴിനുമിടയിൽ പ്രായമുള്ള ഏകദേശം ഇരുപതുലക്ഷം പേർ ജീവിതത്തിലൊരിക്കലെങ്കിലും ഇൻഹലെന്റുകൾ ദുരുപയോഗം ചെയ്തിട്ടുണ്ടെന്നാണ് നാഷണൽ ഹൗസ്ഹോൾഡ് സർവേ ഓൺ ഡ്രഗ് അബ്യൂസ് (എൻ.എച്ച്.എസ്.ഡി.എ) പറയുന്നത്. ഏകദേശം പന്ത്രണ്ടുവയസ്സാകുമ്പോൾത്തന്നെ കുട്ടികൾ ലഹരിക്കായി ഉപയോഗിച്ചു തുടങ്ങുന്ന ഇൻഹലെന്റുകളെ 'പ്രവേശനകവാട' മയക്കുമരുന്നുകൾ എന്നാണ് പറയുന്നത്. ഇൻഹലെന്റുകളുടെ ആദ്യത്തെ ഉപയോഗമോ പരീക്ഷണാടിസ്ഥാനത്തിലുള്ള ഉപയോഗമോ പോലും മാരകമാകാം. ഇൻഹലെന്റ് ദുരുപയോഗം ചെയ്യുന്ന മിക്ക കൗമാരക്കാരും പതുക്കെ മറ്റു മയക്കുമരുന്നുകളിലേക്കു വഴിമാറും. ചിലർ ഇൻഹലെന്റ് ദുരുപയോഗം തന്നെ ഭാവിയിലും തുടരും.

## ഇൻഹലെന്റുകൾ എന്നാലെന്ത്?

വീട്ടാവശ്യങ്ങൾക്കും മറ്റുമുപയോഗിക്കുന്ന ആയിരത്തിലധികം വസ്തുക്കൾ ഇൻഹലെന്റുകളായി ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. നെയിൽപോളിഷ്, ഷൂ പോളിഷ്, പശ, പെയിന്റ്, തിന്നർ, ലൂബ്രിക്കന്റ്, പെട്രോൾ, മണ്ണെണ്ണ, മെഴുക്, സ്പ്രേ, വൈറ്റ്നർ, നിലവും മറ്റും വൃത്തിയാക്കാനുപയോഗിക്കുന്ന ദ്രാവകങ്ങൾ, ലോക്കർ മുറികളിലും മറ്റും ഉപയോഗിക്കുന്ന സുഗന്ധവസ്തുക്കൾ, ലോഹപ്പാത്രങ്ങളിൽ ഉപയോഗിക്കുന്ന വാർണിഷുകൾ തുടങ്ങിയവയെല്ലാം ഇതിൽപ്പെടുന്നു. ഇവ മയക്കുമരുന്നായി ഉപയോഗിക്കാമെന്നു മിക്ക മാതാപിതാക്കളും ഓർക്കാറില്ല. പായ്ക്കറ്റിനുമേലുള്ള ജാഗ്രതാനിർദേശങ്ങൾ വായിക്കാൻ തയ്യാറാകാത്തതുമൊക്കെയാണ് ജാഗ്രതക്കുറവിനു കാരണം.

## ദുരുപയോഗങ്ങൾ

1 ട്രാൻഷ്യന്റ് സോഷ്യൽ യൂസർ: സുഹൃത്തുക്കളോടൊപ്പം കുറച്ചുകാലത്തെ ഉപയോഗമേ ഇക്കൂട്ടർക്കുണ്ടാകൂ.

2 ട്രാൻഷ്യന്റ് ഐസൊലേറ്റ് യൂസർ:

അഞ്ചിൽ കൂടുതൽ വർഷത്തെ ഉപയോഗമുള്ളവർ. 20-29 ആയിരിക്കും പ്രായം. നിത്യേന തനിച്ചായിരിക്കും ഉപയോഗം. വിദ്യാഭ്യാസം, സാമൂഹികമായ ഇടപെടലുകൾ എന്നിവ കുറഞ്ഞവരും പലതരം കേസുകളിലും മറ്റും പെട്ടവരുമാകും.

## ഉപയോഗരീതി

മണം പിടിച്ചോ വായിൽക്കൂടി പുകശ്വസിച്ചോ (Puffing) ആണ് ഇൻഹലെന്റുകൾ ഉപയോഗിക്കുക. പശ, നെയിൽപോളിഷ്, മാർക്കർ എന്നിവയുടെ തുറന്ന ട്യൂബുകൾ മൂക്കിനടുത്തുപിടിച്ചാണു ശ്വസിക്കുക. ചിലർ ഏതെങ്കിലും പ്രതലത്തിൽ ഉരസി അതായിരിക്കും ശ്വസിക്കുക.

## ഇൻഹലെന്റുകളുടെ പ്രവർത്തനം

കേന്ദ്ര-നാഡീവ്യവസ്ഥയെ ബാധിക്കുന്നതിനാലാണു മിക്ക ഇൻഹലെന്റുകളും സന്തോഷപ്രദമായ അവസ്ഥ പ്രദാനംചെയ്യുന്നത്. ഇതിലടങ്ങിയിട്ടുള്ള നൈട്രേറ്റുകൾ മയക്കമുണ്ടാക്കുന്നതിനൊപ്പം രക്തക്കുഴലുകളെ വികസിപ്പിക്കുകയും പ്രവർത്തനം മന്ദീഭവിപ്പിക്കയും ചെയ്യും.

ഇൻഹലെന്റ് ഉപയോഗത്തിന്റെ ലക്ഷണങ്ങൾ നാലു ഘട്ടങ്ങളിലായാണു പ്രത്യക്ഷപ്പെടുന്നത്.

**ഒന്നാംഘട്ടം (വികാരവിക്ഷോഭഘട്ടം):**

അമിതാത്മവിശ്വാസം കൊണ്ടുള്ള സുഖാവസ്ഥ, വികാരവിക്ഷോഭം, ഹർഷോന്മാദം, തലകറക്കം, മതിഭ്രമം, തുമ്മൽ, ചുമ, കൂടുതലായുള്ള ഉമിനീരുൽപ്പാദനം, പ്രകാശം സഹിക്കാൻ പറ്റാത്ത അവസ്ഥ, മനംപുരട്ടൽ, ഛർദി, ചുവന്നുതുടുത്ത ചർമ്മം, വിചിത്രമായ പെരുമാറ്റം എന്നിവയുണ്ടാകുന്നു.

**രണ്ടാംഘട്ടം (കേന്ദ്ര നാഡീവ്യവസ്ഥയെ ബാധിക്കുന്നു)**

ആശയക്കുഴപ്പം, വിരസത, ആത്മനിയന്ത്രണം നഷ്ടമാകൽ, താളപ്പിഴകൾ, തലയിൽനിന്നു മണിയടിക്കുമ്പോലെയോ മുഴങ്ങുന്നതുപോലെയോയുള്ള തോന്നൽ, മങ്ങിയ കാഴ്ച, ഒരു വസ്തുവിനെ രണ്ടായിക്കാണൽ, കോച്ചിപ്പിടുത്തം, തലവേദന, വേദനയറിയാത്ത അവസ്ഥ, വിളർച്ച എന്നിവയുണ്ടാകുന്നു.

**മൂന്നാംഘട്ടം (കേന്ദ്ര-നാഡീവ്യവസ്ഥ മാന്ദ്യത്തിലേക്ക്)**

മയക്കം, പേശീചലനങ്ങളുടെ ഏകോപനം നഷ്ടമാകൽ, വ്യക്തതയില്ലാത്ത സംസാരം, മന്ദീഭവിച്ച ഉദ്ദീപനങ്ങൾ, നേത്രങ്ങൾ നിയന്ത്രണവിധേയമല്ലാത്ത രീതിയിൽ ചാഞ്ചാടൽ എന്നിവയാണു ലക്ഷണങ്ങൾ.

**നാലാംഘട്ടം (കേന്ദ്ര-നാഡീവ്യവസ്ഥയുടെ മാന്ദ്യം സമ്പൂർണം):**

പേടിപ്പെടുത്തുന്ന സ്വപ്നങ്ങളെ തുടർന്നു ബോധം നഷ്ടമാകൽ, അപസ്മാരലക്ഷണങ്ങൾ, തലച്ചോറിന്റെ പ്രവർത്തനങ്ങളിലുണ്ടാകുന്ന വ്യതിയാനങ്ങൾ എന്നിവ ഈ ഘട്ടത്തിൽ അനുഭവപ്പെടും.

## ദോഷഫലങ്ങളേറെ

ഇൻഹലെന്റുകൾ ഉപയോഗിക്കുന്നവർ മൂക്കിലൂടെയും വായിലൂടെയും അകത്താക്കുന്ന രാസപദാർഥങ്ങളുടെ ബാഷ്പത്തിന്റെ അളവ് അവയുടെ ഉൽപ്പാദകർ മനുഷ്യശരീരത്തിൽ പ്രവേശിച്ചാൽ അപകടമില്ലാത്തതെന്നു കണക്കാക്കിയ അളവിന്റെ നൂറുമുതൽ ആയിരം ഇരട്ടി വരെ കൂടുതലായിരിക്കും. വിവിധ ഇൻഹലെന്റുകളിൽ അടങ്ങിയ ഘടകവസ്തുക്കൾ വ്യത്യസ്തമാണെങ്കിലും അവയെല്ലാം മയക്കമുണ്ടാക്കുന്നവയാണ്. അവയെ പൊതുവെ കേന്ദ്ര-നാഡീവ്യവസ്ഥയെ മന്ദീഭവിപ്പിക്കുന്നതിനാൽ ശാരീരികധർമ്മങ്ങളെ മന്ദ-ഗതിയിലാക്കുന്നു. ഇവ കൂടിയ അളവിൽ ശ്വസിക്കുമ്പോൾ ലഹരിയുണ്ടാകുന്നു. കുറഞ്ഞ അളവിൽ ശ്വസിക്കുമ്പോൾ അൽപ്പം ഉത്തേജനവും ചെറിയ മയക്കവും ലഭിക്കുന്നു.

> വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളാണ് പലപ്പോഴും ഇൻഹലെന്റുകളായി ദുരുപയോഗം ചെയ്യുന്നത്. അതിനാൽ, അവയുടെ ഉൽപ്പാദനവും വിൽപ്പനയും നിയമവിരുദ്ധമല്ല. എന്നാൽ, ശ്വസിക്കുന്നതിലൂടെ ലഹരി ലഭിക്കുന്ന ഏതു തരത്തിലുള്ള വസ്തുക്കൾ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആരുവിൽക്കുന്നതും നിയമവിരുദ്ധമായ പ്രവൃത്തിയായി കണക്കാക്കേണ്ടതാണ്. അതിന് നിയമവ്യവസ്ഥയുണ്ടാകണം.

അതേസമയം, ഇവ കൂടിയ അളവിൽ ഉപയോഗിച്ചാൽ ആത്മനിയന്ത്രണം നഷ്ടപ്പെടുകയും ചെയ്യും. ഇൻഹലെന്റുകളുടെ വിഷാംശമുള്ള ബാഷ്പം ഗാഢമായി ശ്വസിച്ചാൽ ചിലർക്കു പരിസരബോധം നഷ്ടപ്പെടും. ആത്മനിയന്ത്രണം നഷ്ടമാകൽ, ആക്രമണസ്വഭാവം, മനംപുരട്ടൽ, അബോധാവസ്ഥ എന്നിവയുമുണ്ടാകും. ഈ അവസ്ഥയിൽ ചിലപ്പോൾ മരണംവരെ സംഭവിക്കാം. പെട്ടെന്നുള്ള ഹൃദയാഘാതം, ശ്വാസംമുട്ടിയുള്ള മരണം എന്നിവയെല്ലാം ഇതിന്റെ ഭാഗമായുണ്ടാകും.

## കൂടുതലായുള്ള പരിണതഫലങ്ങൾ

(ശ്വസിക്കാൻ ഉപയോഗിക്കുന്ന രാസവസ്തുക്കളെ അടിസ്ഥാനമാക്കിയുള്ളത്)

(എ) കേന്ദ്ര-നാഡീവ്യവസ്ഥയുടെ/തലച്ചോറിന്റെ നാശം.
(ബി) ഞരമ്പുരോഗങ്ങൾ/കൈകാലുകളിലെ കോച്ചിപ്പിടുത്തം.
(സി) അസ്ഥി, മജ്ജ നാശം.
(ഡി) കരൾ/വൃക്ക നാശം
(ഇ) കേൾവി നഷ്ടമാകൽ.
(എഫ്) രക്തത്തിലെ ഓക്സിജന്റെ അളവുകുറയൽ.
(ജി) ഹൃദയം, ശ്വാസകോശം എന്നിവ നശിക്കൽ.
(എച്ച്) കാഴ്ച നഷ്ടപ്പെടൽ.

ദീർഘകാലമായി ഇൻഹലെന്റുകൾ ഉപയോഗിക്കുന്നവർക്ക് ക്രമേണ കൂടിയ അളവിൽ ഉപയോഗിക്കേണ്ടിവരും. ഇടയ്ക്കുവച്ച് ഉപയോഗം നിർത്തിയാൽ പിൻവലിയൽ ലക്ഷണങ്ങൾ ഉണ്ടാകുമെന്നതിനാൽ മുക്തിനേടൽ പ്രയാസമായിരിക്കും. ഉപയോഗം നിർത്താൻ ശ്രമിക്കുമ്പോൾ കൈവിറയൽ, പരിഭ്രമം, അമിതമായ വിയർപ്പ്, മതിഭ്രമം, വിറയൽ, തലവേദന, വയറുവേദന, കോച്ചിപ്പിടുത്തം തുടങ്ങിയ ലക്ഷണങ്ങളുണ്ടാകും.

## ഉപയോഗിക്കാൻ ഓരോരോ കാരണങ്ങൾ

ഇൻഹലെന്റുകൾ ഉപയോഗിക്കാൻ പല കാരണങ്ങളുണ്ട്., ചിലത് പരീക്ഷണാടിസ്ഥാനത്തിലായിരിക്കും. സമപ്രായക്കാരിൽനിന്നുള്ള സമ്മർദം കൊണ്ടാകാം, ഫലപ്രദമാണെന്ന തോന്നലുകാരണമാകാം, എളുപ്പത്തിൽ കിട്ടുന്നതുകൊണ്ടുമാകാം, സൗകര്യപ്രദമായി ഉപയോഗിക്കാൻ പറ്റുന്നതായതോ സുലഭമായ ലഹരിയായതിനാലോ നിയമപ്രശ്നങ്ങൾ തടസ്സമാകുന്നില്ല എന്നതിനാലോ ഒക്കെയാകാം ഓരോരുത്തരും എളുപ്പത്തിൽ ഇതിലേക്ക് ആകർഷിക്കപ്പെടുന്നത്.

ഇൻഹലെന്റ് ഉപയോഗത്തിനുശേഷം പലർക്കും കടുത്ത തലവേദനയുണ്ടാകും. മനുഷ്യനെ നല്ല സാമൂഹ്യജീവിയാക്കുന്ന പ്രധാനഘടകങ്ങൾ കുടുംബം, സമുദായം, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സമപ്രായക്കാർ എന്നിവയാണ്. ഇൻഹലെന്റുകളുടെ ദുരുപയോഗം ഈ ഘടകങ്ങളെയെല്ലാം പ്രതികൂലമായി ബാധിക്കുന്നു. ഒരു പ്രദേശത്തെ ചില വ്യക്തികൾ ഇൻഹലെന്റ് ദുരുപയോഗം ചെയ്യുന്നുണ്ടെങ്കിൽ ആ പ്രദേശത്തെ വളർന്നുവരുന്ന തലമുറയ്ക്കു തെറ്റായ സന്ദേശവും പ്രചോദനവുമാകും. മാതാപിതാക്കൾക്ക് ഈ ശീലമുണ്ടെങ്കിലും ഇതേപോലെ സ്വാധീനിക്കും. ശിഥിലമായ കുടുംബങ്ങളിലെ കുട്ടികൾ ഇൻഹലെന്റുകൾ പതിവായി ദുരുപയോഗം ചെയ്യുന്നവരാണെന്നു പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പിതാവ് മദ്യത്തിനും മയക്കുമരുന്നിനും അടിമയായിരുന്നാൽ അതു മിക്ക കുട്ടികളിലും അരക്ഷിതബോധമുണ്ടാക്കും. കുട്ടികളിൽ പഠനസംബന്ധിയായ വിവിധ പ്രശ്നങ്ങളും പഠനം പാതിവഴിക്ക് ഉപേക്ഷിക്കാൻപോലും ഇത് കാരണമാകും. ചുരുക്കത്തിൽ, ഇവർ കലാലയജീവിതം ഇഷ്ടപ്പെടാത്തവരായിരിക്കും.

ഇൻഹലെന്റ് ദുരുപയോഗവും കുറ്റകൃത്യങ്ങളും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. ദീർഘകാലമായി ഇൻഹലെന്റ് ദുരുപയോഗം ചെയ്യുന്നവർ പലപ്പോഴും വിചിത്രമായ ചിന്തകളിലും പ്രവൃത്തികളിലും ഏർപ്പെടുന്നവരായിരിക്കും. ഇവരിൽ മാനസികരോഗവും ആക്രമണോത്സുകതയും കുറ്റവാസനയും കൂടുതലായിരിക്കും. ഇക്കൂട്ടർ മറ്റുള്ളവരെ അപേക്ഷിച്ച് ഒറ്റപ്പെട്ട അവസ്ഥയിലായിരിക്കും. ഒടുവിൽ സമാനസ്വഭാവക്കാരെ കണ്ടെത്തുന്നതിലേക്കും അതുവഴി കൂടുതൽ ഗുരുതരമായ ഇൻഹലെന്റ് ദുരുപയോഗത്തിലേക്കും നയിക്കും. ചെറുപ്പക്കാരിൽ വിഷാദം, ഉത്കണ്ഠ, കുറ്റബോധം, ദേഷ്യം എന്നിവ കാണും. ഇൻഹലെന്റ് ലഹരിക്കടിമപ്പെട്ടവർ കൂട്ടമായാണ് അതുപയോഗിക്കുന്നത്. സുഹൃത്തുക്കളും ബന്ധുക്കളുമായി വലിയൊരുകൂട്ടം.

## ചികിത്സ

വിവിധ ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്ന തീവ്രവും സങ്കീർണ്ണവുമായ ഇൻഹലെന്റ് ദുരുപയോഗം ചികിത്സിച്ചു ഭേദമാക്കാൻ പ്രയാസമാണ്. മദ്യപാനരോഗവും ലഹരി ഉപയോഗവും പ്രതിരോധിക്കുന്ന തരത്തിലുള്ള ചികിത്സകൾ നൽകാറുണ്ടെങ്കിലും അവയിലൂടെ ഭേദമാക്കാൻ കഴിയാത്ത നിരവധി പ്രശ്നങ്ങളിതിലുണ്ട്. ചികിത്സയുടെ ആദ്യപടിയായി സമഗ്ര വൈദ്യപരിശോധനയ്ക്കു വിധേയമാക്കി കേന്ദ്ര- നാഡീവ്യവസ്ഥയ്ക്കു സംഭവിച്ച തകരാറുകൾ, ലെഡ് മൂലമുള്ള വിഷബാധ, ഹൃദയ-ശ്വാസകോശ സംബന്ധിയായ പ്രശ്നങ്ങൾ, പോഷകക്കുറവ് എന്നിവ കണ്ടെത്തേണ്ടതുണ്ട്. ചികിത്സയെ പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും തരത്തിലുള്ള വൈകല്യങ്ങൾ അനുഭവിക്കുന്നുണ്ടോയെന്നു മനസ്സിലാക്കാം. ചികിത്സയാരംഭിക്കുന്ന ഘട്ടത്തിൽ നാഡീ-മനഃശാസ്ത്രപരമായ (ന്യൂറോ സൈക്കോളജിക്കൽ) പരിശോധനകൾ നടത്താം. ചികി

പുരോഗതി വിലയിരുത്താൻ ഇത്തരം പരിശോധനകൾ ആവർത്തിക്കണം. ഇൻഹലൻ്റിലൂടെ നശിച്ച നാഡികളെ പൂർവസ്ഥിതിയിലാക്കാനുള്ള സാധ്യത വിരളമാണ്. ചികിത്സയിൽ കുടുംബാംഗങ്ങളുടെ പങ്കാളിത്തം പ്രധാനമാണ്. അതിനായി രക്ഷാകർത്താക്കൾക്കു ബോധവൽക്കരണം നൽകുകയും വേണം. ഇൻഹലൻ്റുകൾ ദുരുപയോഗം ചെയ്യുന്നവർ ലൈംഗികമായി ദുരുപയോഗം ചെയ്യപ്പെടാൻ സാധ്യതയുണ്ട്. കല, സംഗീതം, നൃത്തം, ബാൻ്റുമേളം തുടങ്ങിയ കൈയും കണ്ണും ഉപയോഗിച്ചുള്ള വിനോദോപാധികൾ ചികിത്സയിൽ ഫലപ്രദമാണ്. ഇവ പഞ്ചേന്ദ്രിയങ്ങളെ ഉത്തേജിപ്പിക്കും. 15- 30 മിനുറ്റുകൾവരെ നീളുന്ന അനൗപചാരികമായ ഒരു കൂടിക്കാഴ്ചയാണ് രോഗിയുമായി ആദ്യഘട്ടത്തിൽ. കുട്ടിയുമായി നല്ല ബന്ധമുണ്ടാക്കാൻ ഇതു സഹായിക്കും. ഇൻഹലൻ്റ് ഉപയോക്താക്കളുടെ സങ്കീർണ്ണമായ ചിന്തകളും ലഹരിയോടുള്ള അമിതതാൽപ്പര്യവും ചികിത്സയുടെ ആദ്യഘട്ടത്തിൽത്തന്നെ വളരെയധികം കുറയും. അതിനാൽ, ചികിത്സയുടെ ഓരോ ഘട്ടത്തിലും രോഗിയുടെ തിരിച്ചറിയൽശേഷി പരിശോധിക്കണം. ചുരുങ്ങിയ ദിവസത്തെ ചികിത്സ കാര്യമായ പുരോഗതിയുണ്ടാക്കില്ല. ഇൻഹലൻ്റുകളുടെ അംശം ശരീരത്തിൽ വളരെക്കാലം നിലനിൽക്കുന്നതാണ് കാരണം. മാസങ്ങൾ നീളുന്ന ചികിത്സ വേണ്ടിവരും. ഭാരക്കുറവ്, രോഗങ്ങൾ, ശ്രദ്ധയില്ലായ്മ, ഓർമ്മക്കുറവ് എന്നിവയും ഇവരിലുണ്ടാകും.

### ഇൻഹലൻ്റുകൾ നിയമവിരുദ്ധമോ

വീട്ടാവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന വസ്തുക്കളാണ് പലപ്പോഴും ഇൻഹലൻ്റുകളായി ദുരുപയോഗം ചെയ്യുന്നത്. അതിനാൽ, അവയുടെ ഉൽപ്പാദനവും വിൽപ്പനയും നിയമവിരുദ്ധമല്ല. എന്നാൽ, ശ്വസിക്കുന്നതിലൂടെ ലഹരി ലഭിക്കുന്ന ഏതു തരത്തിലുള്ള വസ്തുക്കൾ 18 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് ആരുവിൽക്കുന്നതും നിയമവിരുദ്ധമായ പ്രവൃത്തിയായി കണക്കാക്കേണ്ടതാണ്. അതിന് നിയമവ്യവസ്ഥയുണ്ടാക്കണം.




അഡ്വ. സുരേഷ് ബാബു മാങ്ങാട്

# വിൽപന ആധാരത്തിലൂടെ ലൈഫ് ഇൻ്ററെസ്റ്റ് വിട്ട് ഒഴിയാം

**എ**ൻ്റെ അമ്മ കഴിഞ്ഞവർഷമാണ് മരിച്ചത്. അച്ഛൻ ജീവിച്ചിരിപ്പുണ്ട്. എനിക്ക് ഇളയതായി രണ്ട് സഹോദരിമാർ കൂടിയുണ്ട്. എല്ലാവരുടെയും വിവാഹം കഴിഞ്ഞതാണ്. അച്ഛന് 85 വയസ്സ് കഴിഞ്ഞു. ആരോഗ്യപരമായ ബുദ്ധിമുട്ടുകളുണ്ട്. അമ്മയുടെ മരണശേഷം എന്നോടൊപ്പമാണ് അച്ഛൻ താമസിച്ചുവരുന്നത്. അമ്മയും അച്ഛനും ഒരുമിച്ചു താമസിച്ചിരുന്ന വീടും സ്ഥലവും അച്ഛൻ കുറച്ചു വർഷങ്ങൾക്കുമുമ്പ് അച്ഛന് ലൈഫ് ഇൻ്ററെസ്റ്റ് വച്ചുകൊണ്ട് അമ്മയുടെയും ഞങ്ങൾ മൂന്നുമക്കളുടെയും പേരിൽ സെറ്റിൽമെൻ്റ് ആധാരം ചെയ്തിട്ടുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആ വീടും സ്ഥലവും വിൽപന നടത്തണമെന്നുണ്ട്. അമ്മ മരിച്ചുപോയതുകൊണ്ട് വീണ്ടും സെറ്റിൽമെൻ്റ് ആധാരം രജിസ്റ്റർ ചെയ്യേണ്ടതുണ്ടോ. പഴയ സെറ്റിൽമെൻ്റ് ആധാരപ്രകാരം ആ സ്ഥലവും വീടും മറിച്ചുവിൽക്കുകയാണെങ്കിൽ ക്യാപിറ്റൽ ഗെയിൻ ടാക്സ് അടയ്ക്കേണ്ടിവരുമെന്നത് ശരിയാണോ?

**ഗായത്രി രാമകൃഷ്ണൻ**
നടക്കാവ്, കോഴിക്കോട്

അമ്മ മരിച്ചതുകൊണ്ടുമാത്രം നിങ്ങളുടെ അച്ഛൻ എഴുതിവച്ചിട്ടുള്ള സെറ്റിൽമെൻ്റ് ആധാരത്തിന് യാതൊരുവിധ ബുദ്ധിമുട്ടും വരുന്നില്ല. അതുകൊണ്ടുതന്നെ മറ്റൊരു സെറ്റിൽമെൻ്റ് ആധാരം രജിസ്റ്റർ ചെയ്യേണ്ടതുമില്ല. അമ്മ മരണപ്പെടുമ്പോൾ ഹിന്ദു പിന്തുടർച്ചാ നിയമം 1956 പ്രകാരം നിങ്ങൾ മൂന്നുമക്കൾക്കുമാത്രമാണ് അമ്മയുടെ ഭാഗത്തിന് അവകാശമുള്ളത്. അങ്ങനെ വരുമ്പോൾ അമ്മയുടെ മരണത്തോടെ ആ അവകാശം സ്വാഭാവികമായും നിങ്ങൾക്ക് ലഭിക്കും. നിങ്ങളുടെ എഴുത്തിൽ അച്ഛൻ സെറ്റിൽമെൻ്റ് ആധാരത്തിൽ അച്ഛന് ലൈഫ് ഇൻ്ററെസ്റ്റ് വെച്ചിട്ടുള്ളതിനെക്കുറിച്ച് സൂചിപ്പിച്ചിട്ടുണ്ട്. അത്തരം സന്ദർഭങ്ങളിൽ അച്ഛൻ ജീവിച്ചിരിക്കുന്ന കാലത്തോളം അച്ഛൻ്റെ അറിവോ സമ്മതമോ ഇല്ലാതെ ആ സ്വത്ത് വിൽപന നടത്താൻ നിങ്ങൾക്ക് സാധിക്കില്ല. എന്നാൽ നിങ്ങളുടെ അച്ഛൻ്റെ അറിവോടെയും അനുവാദത്തോടെയുമാണ് നിങ്ങളുടെ വിൽപനയെങ്കിൽ നിയമപരമായി മറ്റ് തടസ്സങ്ങളില്ല. നിങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്ന വിൽപന ആധാരത്തിൽ വിൽപനക്കാരായി നിങ്ങളോടൊപ്പം അച്ഛനെയും ഉൾപ്പെടുത്തി ആ വിൽപന ആധാരത്തിലൂടെ അദ്ദേഹത്തിന് ലൈഫ് ഇൻ്ററെസ്റ്റ് വിട്ട് ഒഴിയാവുന്നതാണ്. അക്കാര്യങ്ങളൊക്കെ വിൽപന ആധാരത്തിൽ കൃത്യമായി കൊണ്ടുവരണം. നിങ്ങളുടെ മറ്റൊരു സംശയം ക്യാപിറ്റൽ ഗെയിൻ ടാക്സിനെകുറിച്ചാണ്. തീർച്ചയായും ക്യാപിറ്റൽ ഗെയിൻ ടാക്സ് വരാൻ സാധ്യതയുണ്ട്. നിങ്ങൾ വിൽപന നടത്താൻ പോകുന്നത് വീടായതിനാൽ വിറ്റുകിട്ടുന്ന തുക ഒരു വീടോ ഫ്ളാറ്റോ വാങ്ങാൻ ഉപയോഗിക്കുകയാണെങ്കിൽ ടാക്സ് ഒഴിവായിക്കിട്ടാൻ സാധ്യതയുണ്ട്. അക്കാര്യത്തിൽ കൂടുതൽ വിവരങ്ങൾക്ക് ഒരു ടാക്സ് പ്രാക്ടീഷണറെ കാണുന്നതാണ് ഉചിതം.